
www.malankaralibrary.com

# കാരുണികൻ

Vol.18 No. 11 Nov. 2021

സമഗ്ര ദൈവശാസ്ത്ര മാസിക



വചനബോധി

മലങ്കര

www.malankaralibrary.com

# വചനബോധി
സീറോമലങ്കര

**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

## ഉള്ളടക്കം

**ഡിസംബർ 05**
**യോഹന്നാൻ മാംദാനയുടെ ജനനം** : 73
ലൂക്കാ 1:57–66
- ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
- ഫാ. നിർമലാനന്ദ് OIC

**ഡിസംബർ 08**
**ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ** : 78
- ഡോ. വിൻസെന്റ് വാരിയത്ത്

**ഡിസംബർ 12**
**മാർ യൗസേപ്പിനുണ്ടായ ദർശനം** : 81
മത്താ 1:18–25
- ഡോ. പോൾ കുഞ്ഞാനയിൽ MCBS
- ഫാ. വിമൽ വിൻസെന്റ്

**ഡിസംബർ 19**
**യൽദായ്ക്കു മുമ്പുള്ള ഞായർ** : 87
ലൂക്കാ 2:1–5
- ഡോ. ജേക്കബ് മുല്ലൂർ
- സഖേറച്ചൻ

**ഡിസംബർ 25**
**യൽദാപ്പെരുന്നാൾ (ക്രിസ്മസ്)** : 91
- ഡോ. സാബു കുമ്പുക്കൽ

**ഡിസംബർ 26**
**യൽദായ്ക്കുശേഷം 1-ാം ഞായർ** : 95
ലൂക്കാ 2:41–52
- ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ
- ഫാ. അബ്രഹാം നടുവിലേടം

www.malankaralibrary.com



# ഡിസംബർ 05
# യോഹന്നാൻ മാംദാനയുടെ ജനനം

## ഭാഷ്യം

### ലൂക്കാ 1:57-66

## സന്ദർഭം

വിശുദ്ധ ലൂക്കാ അറിയിച്ച സുവിശേഷം ആദ്യ അധ്യായത്തിന്റെ കേന്ദ്രഭാഗത്ത് ഈശോമിശിഹായുടെ ജനനത്തെക്കുറിച്ചുള്ള ഗബ്രിയേൽദൂതന്റെ അറിയിപ്പും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്തോത്രഗീതവുമാണ് (ലൂക്കാ 1:26-56). ഇതിന് ഇരുവശങ്ങളിലുമായി അവിടുത്തേക്കു വഴിയൊരുക്കാൻ ദൈവത്താൽ അയക്കപ്പെട്ട യോഹന്നാൻ മാംദാനയുടെ ജനനത്തെക്കുറിച്ചുള്ള ദൈവിക അറിയിപ്പും (ലൂക്കാ 1:5-25) ജനനവുമായി ബന്ധപ്പെട്ട സംഭവങ്ങളും (ലൂക്കാ 1: 57-80) വിവരിക്കപ്പെടുന്നു. രക്ഷകനായ മിശിഹായെക്കുറിച്ചുള്ള ദൈവിക വാഗ്ദാനങ്ങൾ നിറവേറുന്നതോടൊപ്പം അവിടുത്തെ മുന്നോടിയെക്കുറിച്ചുള്ള പഴയനിയമ വാഗ്ദാനങ്ങളും പൂർത്തിയാകുന്നു എന്നു സാരം. മിശിഹായാകുന്ന നീതിസൂര്യനു ചുറ്റും ഭ്രമണം ചെയ്യുന്ന ഒരു ചെറുഗ്രഹമാണു യോഹന്നാൻ എന്നു വ്യക്തമാക്കാൻ പോരുന്നതാണ് ഈ വിവരണ ഘടന. യോഹന്നാന്റെ ജനനവും പരിച്ഛേദനവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് ഇവിടെ നമ്മുടെ പരിചിന്തനവിഷയം (ലൂക്കാ 1:57-66).

## സാരം

ഗബ്രിയേൽദൂതൻ സഖറിയാപുരോഹിതനെ അറിയിച്ചിരുന്നതുപോലെ (ലൂക്കാ 1:13) അദ്ദേഹത്തിന്റെ ഭാര്യ ഏലീശ്വാ ഗർഭം

www.malankaralibrary.com

ധരിക്കുകയും ഒരു പുത്രനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ജനനത്തിൽ അനേകർ സന്തോഷിക്കും എന്ന ദൂതന്റെ വാക്കുകൾ അക്ഷരംപ്രതി നിറവേറുന്നത് ലൂക്കാ ഇപ്രകാരം വിവരിക്കുന്നു: കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയല്ക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു (ലൂക്കാ 1:57). ഏലീശ്വാതന്നെയും തനിക്കു ലഭിച്ചതു വലിയ ദൈവകൃപയാണ് എന്നേറ്റു പറയുന്നുണ്ട്: “മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്ക് ഇതു ചെയ്തുതന്നിരിക്കുന്നു” (ലൂക്കാ 1:25).

യഹൂദാചാരപ്രകാരം ശിശു ജനിച്ച് എട്ടാം ദിവസമാണ് പരിച്ഛേദനകർമം. ദൈവം അബ്രാഹവുമായി ചെയ്ത ഉടമ്പടിയുടെ അടയാളമായാണ് യഹൂദർ ഈ കർമം അനുഷ്ഠിച്ചിരുന്നത്. ഇതോടനുബന്ധിച്ചായിരുന്നു ശിശുവിന്റെ നാമകരണം. പതിവിൽനിന്നു വ്യത്യസ്തമായി, ദൂതൻ സഖറിയായെ അറിയിച്ച പ്രകാരം യോഹന്നാൻ എന്ന പേരാണ് ശിശുവിനു നല്കപ്പെട്ടത്. തന്റെ വിശ്വാസക്കുറവുനിമിത്തം സഖറിയായ്ക്കു ദൈവാലയത്തിൽവച്ചു നഷ്ടമായ സംസാരശേഷി ഈ സന്ദർഭത്തിൽ അദ്ദേഹത്തിനു തിരികെ ലഭിച്ചു. ഒമ്പതു മാസമായി മൂകനായിരുന്ന സഖറിയായുടെ പ്രതികരണം ദൈവസ്തുതിയുടേതായിരുന്നു. അദ്ദേഹത്തിന്റെ മനോഹരമായ സ്തോത്രഗീതം വിശുദ്ധ ലൂക്കാ രേഖപ്പെടുത്തുന്നതു തുടർന്നു കാണാം (ലൂക്കാ 1:68-79).

## സന്ദേശം

കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു എന്നാണ് (ലൂക്കാ 1:66) ശിശുവായ യോഹന്നാനെക്കുറിച്ചു സുവിശേഷകൻ പറയുന്നത്. മതാപിതാക്കന്മാർ നീതിയുടെ മാർഗത്തിൽ ചരിക്കുകയും ദൈവവിചാരത്തിലും ദൈവസ്തുതിയിലും ജീവിക്കുകയും ചെയ്യുമ്പോൾ മക്കളുടെമേൽ ദൈവകൃപ സമൃദ്ധമായുണ്ടാകും.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

www.malankaralibrary.com

# പ്രസംഗം

## കരുണയുടെ ഉത്സവം

വേറിട്ട വഴികളിലൂടെ നടന്നുപോയ ഒരു വിശുദ്ധന്റെ ജനനത്തെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷം നമ്മോട് സംസാരിക്കുന്നത്. മരുഭൂമിയുടെ താപം ആവാഹിച്ചെടുത്ത സ്നാപകൻ എന്ന താപസ ന്റെ ജനനംമുതൽ വേറിട്ട കാഴ്ചകളെ ലൂക്കാ സുവിശേഷകൻ വരച്ചിടുമ്പോൾ സ്ത്രീകളിൽനിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല എന്നു ക്രിസ്തുസാക്ഷ്യത്തിന്റെ അർത്ഥധ്വനികളെയും നമുക്ക് മനസ്സിലാക്കാം.

**കരുണയുടെ ഉത്സവം**

യോഹന്നാന്റെ ജനനം കരുണയുടെ ഉത്സവമായിരുന്നു. അന്നുവരെ സമൂഹത്തിന്റെ മുൻപിൽ മാറ്റിനിർത്തപ്പെട്ടവൾ, ഇന്ന് യോഹന്നാന്റെ വരവോടെ മാനിക്കപ്പെട്ടവളാകുകയാണ്. വന്ധ്യയെന്ന് വിളിക്കപ്പെട്ടവൾ, ശാപഗ്രസ്തയായി സമൂഹം കരുതിയിരുന്നവൾ, ഒരു ജീവിതംമുഴുവനും ശപിക്കപ്പെട്ടവൾ സ്നാപകന്റെ ജന്മംകൊണ്ട് അനുഗ്രഹമായി മാറുകയാണ്. കർത്താവ് അവളോടു കാണിച്ച കാരുണ്യം അത്ര വലുതാണെന്ന് എല്ലാവരും ഒരുപോലെ ഏറ്റുപറയുന്നുണ്ട് (ലൂക്കാ 1:58).

ഇവിടെ എന്റെ ജീവിതവും ചേർത്തുവായിക്കപ്പെടണം. ഞാൻ കരുണയുടെ ഉത്സവമായി മാറുന്നുണ്ടോ? എന്റെ ജീവിതം കുടുംബത്തിനും സമൂഹത്തിനും കരുണ ലഭ്യമാക്കുന്നതാണോ? എന്റെ മാതാപിതാക്കളോടുള്ള സമീപനം കരുണാപൂർവമാണോ? ഭാര്യയെ അടിമയെപ്പോലെ കരുതുന്ന ഞാൻ എങ്ങനെ കരുണയുടെ രൂപമാകും?

www.malankaralibrary.com

എന്റെ ജോലിക്കാർ എന്നിൽനിന്നും കരുണ പ്രതീക്ഷിക്കുന്നില്ലേ. ന്യായമായ കൂലിയും വേതന വ്യവസ്ഥകളും പാലിക്കാത്ത ഞാൻ എങ്ങനെ കരുണയുടെ പ്രതിരൂപമാകും. കരുണയുടെ ഉത്സവമാക്കി എന്റെ ജീവിതവും മാറ്റാൻ സുവിശേഷം എന്നെ ക്ഷണിക്കുകയാണ്.

### ക്രിസ്തുവിന്റെ പ്രഘോഷകൻ

സഖറിയായ്ക്ക് ദൈവം നൽകുന്ന അറിയിപ്പ് ഇതാണ്; "സജ്ജീകൃതരായ ഒരു ജനത്തെ ക്രിസ്തുവിനുവേണ്ടി ഒരുക്കുന്നവനാണ് നിനക്ക് ജനിക്കാൻപോകുന്നത്" (ലൂക്കാ 1:17) എന്ന്. ജനിക്കുന്നതി നുമുമ്പേ ഒരുക്കപ്പെട്ടവനായിരുന്നു സ്നാപകൻ; അവൻ മാറ്റിനിർത്ത പ്പെട്ടവനായിരുന്നു.

ഈ കാലയളവിലും ക്രിസ്തുവിനുവേണ്ടി സജ്ജീകൃതമായ ഒരു ജനത്തെ ഒരുക്കാൻ വിളിക്കപ്പെട്ടവരാണ് നാമെന്ന കാര്യം മറക്കാതിരിക്കാം. പക്ഷേ, ഞാൻ അതിനുവേണ്ടി ഒരുങ്ങിയിട്ടുണ്ടോ? എന്റെ ഉള്ളിൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടായില്ലെങ്കിൽ ഞാൻ ക്രിസ്തുവിനെ മുഖാമുഖം കണ്ടില്ലായെങ്കിൽ; എങ്ങനെ അവനുവേണ്ടി ഒരു ജനത്തെ ഒരുക്കും?

പൗലോസ് ശ്ലീഹായെപ്പോലെ ഞാനും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടണം, ഇനിയും ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണെന്ന് ഉറപ്പാക്കണം, എങ്കിൽ മാത്രമേ ക്രിസ്തുവിനു യോജിച്ച ജനത്തെ ഒരുക്കാൻ തക്കവണ്ണം ഞാൻ പരുവപ്പെടുകയുള്ളൂ. ജറെമിയാപ്രവാചകനിലൂടെ അതല്ലേ തമ്പുരാൻ നമ്മെ ഓർമപ്പെടുത്തുന്നത്. "മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപംനൽ കുന്നതിനുമുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു മുമ്പേ പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (ജറെ 1:45).

www.malankaralibrary.com

**പൂർവികർക്ക് ഇല്ലാത്ത നാമം**

അടിമുടി വഴിമാറി നടന്നവനാണ് സ്നാപകൻ. ജനിച്ചപ്പോ ൾമുതൽ അത് പ്രകടവുമാണ് "അവൻ അവളോടു പറഞ്ഞു: നിന്റെ ബന്ധു ക്കളിൽ ആർക്കും ഈ പേര് ഇല്ലല്ലോ" (ലൂക്കാ 1:61) മറ്റുള്ളവരെപ്പോ ലെയല്ല നീ എന്ന ബോധ്യമാണ് ആദ്യം ഉണ്ടാകേണ്ടത്, എല്ലാവരും ചെയ്യുന്നതുകൊണ്ട് എനിക്കും ആ കാം എന്ന തോന്നൽ വഴിനിരപ്പാ ക്കുന്നവർക്ക് നല്ലതല്ല. സഖറി യായെ തമ്പുരാൻ ഓർമിപ്പിക്കുന്നു; കുഞ്ഞിന്റെ ലഹരി വീ ഞ്ഞായിരിക്കില്ല; അവന് അത് നിഷിദ്ധമാണ്. അവന്റെ ലഹരി ഞാൻ മാത്രമായിരിക്കും.

ക്രിസ്തുവിന്റെ പുറകേ ഇറങ്ങിതിരിച്ചവന് ദൈവം അല്ലാ തെ വേറൊരു ലഹരി ഉണ്ടാകാൻ പാടില്ല. സ്നാപകന്റെ വളർ ച്ചയിൽ അവന്റെ ഭാഷയ്ക്കും ഭക്ഷണത്തിനും വേഷത്തിനും എല്ലാം വ്യത്യാസമുണ്ടായിരുന്നതായി നാം കാണുന്നു. കാട്ടു തേനും വെട്ടുകിളികളുമായിരുന്നു അവന്റെ ഭക്ഷണം. മരുഭൂമി യുടെ വന്യത ആവാഹിച്ചെടുത്ത ഭാഷ. അതെ, എന്റെ ജീവിത രീതിതന്നെ മാറണം ക്രിസ്തുവിനുവേണ്ടി ജനത്തെ ഒരുക്കണ മെങ്കിൽ. ക്രിസ്തു നമ്മെ തന്റെ രാജ്യത്തിന്റെ വഴികാട്ടികളായി ക്ഷണിക്കുകയാണ്. കരുണയുള്ളവരാകാം; ഒരുക്കപ്പെട്ടവ രാകാം. ക്രിസ്തുവിനുവേണ്ടി മാറ്റിനിർത്തപ്പെട്ടവരാകാം.

**ഫാ. നിർമലാനന്ദ് OIC**

www.malankaralibrary.com



# ഡിസംബർ 08

# ദൈവമാതാവിന്റെ അമലോത്ഭവതിരുനാൾ

## സ്വർണം എങ്ങനെ മങ്ങിപ്പോയി?

പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ ഇന്ന് തിരുസഭ കൊണ്ടാടുന്നു. 'അഴുക്കുപുരളാത്ത മരംകൊണ്ടുണ്ടാക്കിയ പേടകം' എന്നാണ് സഭാപിതാവായ ഹിപ്പോലിത്തസ് പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുന്നത്. 'യഥാർത്ഥ മന്ന ഉൾക്കൊള്ളുന്ന പൊന്നിൻപാത്രം' എന്നാണ് വിശുദ്ധ അത്തനേഷ്യസ് മാതാവിനെ വിളിക്കുന്നത്. വചനത്തിൽ പരിശുദ്ധ അമ്മയെ ഗബ്രിയേൽദൂതൻ അഭിസംബോധന ചെയ്യുന്നത് 'കൃപനിറഞ്ഞവളേ' എന്നാണ്. കൃപനിറഞ്ഞവൾ എന്ന് സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന *കെക്കാരിതോമെ*നെ (*Kecharitomene*) എന്ന പദം *കാരിത്തോ (Charitho)* എന്ന പദത്തിന്റെ perfect passive participle ആണ്. ഇതിന്റെ അർഥം കൃപയാൽ നിറയപ്പെടുക എന്നതാണ്. കൃപയാൽ എക്കാലവും കൃപനിറഞ്ഞു തുളുമ്പുന്ന ദൈവികപാത്രമായി മാതാവിനെ ഇവിടെ അവതരിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തിരുനാൾ ആഘോഷിക്കുമ്പോൾ ജീവിതത്തിൽ അറിയാതെവന്നുചേർന്ന കറകളെകുറിച്ചുള്ള ഓർമപ്പെടുത്തലാണ് ഒരാളിൽ സംഭവിക്കേണ്ടത്. ഹീബ്രുപാരമ്പര്യത്തിൽ വിശുദ്ധഗ്രന്ഥപഠനം നടത്താൻവരുന്ന കുഞ്ഞുങ്ങളോട് റബ്ബിമാർ ചോദിക്കുന്ന ഒരനുഷ്ഠാനചോദ്യമുണ്ട്: ഹൃദയത്തിൽ ക്ലാവുണ്ടോ? അതായത് ഒന്നാന്തരം സ്വർണത്തിൽ ക്ലാവ് വന്നുചേർന്നിട്ടുണ്ടെങ്കിൽ അത് രണ്ടാംതരമായിമാറുന്നതുപോലെ വിലകെട്ടൊരു ഹൃദയത്തിന് വിലയുറ്റ വചനം ഉൾക്കൊള്ളാനാവില്ല എന്നർഥം. അതുകൊണ്ടാണ് ഹൃദയത്തിൽ ക്ലാവുണ്ടോ എന്നുചോദിക്കുന്നത്. ക്ലാവില്ലാത്തയാൾക്കേ ശുദ്ധിയുടെ വചനം ഉള്ളിലേറ്റാൻ പറ്റൂ. അമലോത്ഭവ മാതാവിന്റെ തിരുനാളിലും ഒരാൾ തന്നോടുതന്നെ സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. ഹൃദയത്തിൽ ക്ലാവുണ്ടോ?

www.malankaralibrary.com

ഒരാളുടെ ജീവിതയാത്ര തുടങ്ങുമ്പോൾ അയാൾ ദൈവത്തിന്റെ ഒന്നാംതരം ഉപകരണമാണ്. എന്നാൽ, അതിൽ പതുക്കെപതുക്കെ ക്ലാവും കറയും വന്നുചേരുമ്പോൾ അറിയാതെ അതിന്റെ ശുദ്ധി ഊർന്നുപോകുന്നു. വിലാപങ്ങളുടെ പുസ്തകത്തിൽ 'സ്വർണമെന്തേ മങ്ങിപ്പോയി' എന്ന ചോദ്യം ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്.

*ഓൺ ദ് ഫിസ്റ്റ് ഡേ* എന്ന പേരിൽ ഹൃദയത്തെ തൊടുന്നൊരു ചലച്ചിത്രകാവ്യമുണ്ട്. കവർന്നും ചോർത്തിയും ധാരാളം പണമുണ്ടാക്കിയ യുവാവ്. പക്ഷേ ശരിയല്ലാത്ത വഴികളിലൂടെ നടക്കുന്ന ആ യുവാവിന്റെ ജീവിതമിപ്പോൾ കാറ്റത്തുപറക്കുന്ന പതിരുപോലെയാണ്. ഒരു ഞായറാഴ്ച അയാൾ മുന്തിയ ഹോട്ടലിന്റെ ബാൽക്കണിയിൽനിൽക്കുമ്പോൾ ഏതോ പള്ളിയിൽനിന്ന് ആരംഭിച്ച ഒരുപട്ടണപ്രദക്ഷിണം കണ്ടു. ആളുകൾ ആവേശഭരിതരായി ആവേമരിയ പാട്ടുപാടുന്നുണ്ട്. അയാൾ അമ്മയെ ഓർത്തു. അമ്മയോടൊപ്പം പ്രദക്ഷിണവഴികളിൽ ആവേമരിയ പാടിനടന്ന നിഷ്കളങ്കമായ ബാല്യം ഓർത്തു. പെട്ടെന്ന് അയാൾ മുറിയിലേക്കോടി. തന്റെ പഴയ പെട്ടിയിൽ അലക്ഷ്യമായി ഇട്ടിരുന്ന അമ്മ നൽകിയ ഒരു കൊന്ത അയാൾ എടുത്തു. കൊന്ത കണ്ടതേ അയാൾക്ക് കരച്ചിൽ വന്നു. കാരണം, അമ്മ അത് നൽകിക്കൊണ്ട് അയാളോട് പറഞ്ഞത് തെറ്റുചെയ്യാൻ പ്രേരണവരുമ്പോൾ കൊന്തയുടെ കുരിശുരൂപം നെഞ്ചോട് ചേർത്തുവയ്ക്കാനായിരുന്നു. പിന്നെ തെറ്റുചെയ്യില്ല എന്നായിരുന്നു. ഇപ്പോൾ തെറ്റിൽ അടിമുടി മുങ്ങിനിൽക്കുകയാണ് അയാൾ. വർഷങ്ങൾക്കുശേഷം അയാൾ ആ കൊന്ത തന്റെ കഴുത്തിലണിഞ്ഞു. എന്നിട്ട് തനിക്ക് അപരിചിതരായ ആ മനുഷ്യരുടെകൂടെ അയാൾ പ്രദക്ഷിണത്തിൽ പങ്കാളിയായി. പണ്ടത്തെപ്പോലെ ആവേമരിയ എന്നയാൾ ഉറക്കെ പാടി. മാതാവിന്റെ ജനനത്തിരുനാൾ ആയിരുന്നു അന്ന്. അയാൾ സ്വർഗത്തിലേക്ക് നോക്കി പരിശുദ്ധ അമ്മയ്ക്ക് ജന്മദിനാശംസകൾ നേർന്നു. പിന്നെ തന്റെയു ള്ളിലേക്ക് നോക്കി സ്വയം പറഞ്ഞു: ഹാപ്പി ബർത്ത് ഡേ റ്റു യു. അത് അയാൾക്ക് ശുദ്ധിയിലേക്കുള്ള ഒരു പുനർജനനമായിരുന്നു.

www.malankaralibrary.com

തിരികെ വരാനാണ് തിരുനാൾ. തിരിച്ചുവരവ് എന്റെ ജീവിതത്തിൽ സംഭവിക്കുന്നില്ലെങ്കിൽ എന്നെ സംബന്ധിച്ചിടത്തോളം എന്നെ തൊടാതെപോകുന്ന വെറുമൊരു ആഘോഷംമാത്രമായി ഈ തിരുനാളും മാറും. എന്തിന്റെയൊക്കെയോ പെരുപ്പമുള്ള പെരുന്നാളുകളാണ് നമുക്കുചുറ്റും. ആർഭാടങ്ങളുടെ പെരുപ്പം, കച്ചവടങ്ങളുടെ പെരുപ്പം, അർഥമില്ലാത്ത അനിഷ്ഠാനങ്ങളുടെ പെരുപ്പം. ഇതിനിടയിൽ ദൈവം കാട്ടിത്തന്ന തിരുനാളിലേക്ക് ഹൃദയംകൊണ്ട് നടന്നുപോകുന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കാറില്ല. അങ്ങനെയൊരു തിരിച്ചുനടത്തം സംഭവിക്കാറുമില്ല.

ശുദ്ധിനിറഞ്ഞ വീട്ടിലേക്ക് മടങ്ങിപ്പോകാനുള്ള ക്ഷണമാണ് പരിശുദ്ധ അമ്മയും നൽകുന്നത്. പാപിനിയോട് ഈശോ പറഞ്ഞു: "എഴുന്നേൽക്കുക; വീട്ടിലേക്ക് പോവുക. ഇനിയും പാപം ചെയ്യരുത്." ഇത് മൂന്ന് കാര്യങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നു. നീയിപ്പോൾ ആയിരിക്കുന്ന ഒളിവിടത്തിൽനിന്ന് നീ ആയിരിക്കേണ്ട കൃപയുടെ വീട്ടിലേക്ക് മടങ്ങുക. ജീവിതത്തിൽ ഇനി അശുദ്ധി നിറയാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. നടവഴിയെ പ്രദക്ഷിണവഴിയാക്കിമാറ്റാനുള്ള ഒരു തീരുമാനം നമ്മുടെ ജീവിതത്തിൽ എന്നാണോ ഉണ്ടാവുക. അന്ന് നമ്മുടെ ജീവിതവും തിരുനാളുകളായി മാറും. നമ്മെ തൊടാത്ത പെരുന്നാളല്ല; നമ്മെ തൊട്ട് വിമലീകരിക്കുന്ന തിരുനാളാണ് നമുക്കുവേണ്ടത്. അതിനായി നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം.

**ഡോ. വിൻസെന്റ് വാരിയത്ത്**

www.malankaralibrary.com



# ഡിസംബർ 12
# മാർ യൗസേപ്പിനുണ്ടായ ദർശനം

## ഭാഷ്യം

### മത്താ 1:18-25

## സന്ദർഭം

വിശുദ്ധ മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നത് 'അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം' എന്നു രേഖപ്പെടുത്തിക്കൊണ്ടാണ്. തുടർന്ന് സുവിശേഷകൻ ഈശോയുടെ വംശാവലി നൽകുമ്പോൾ ദാവീദിന്റെ വംശവുമായി ഈശോയെ ബന്ധിപ്പിക്കുന്ന മറിയത്തിന്റെ ഭർത്താവായ ജോസഫിന് ഈശോയുടെ ജനനത്തിലുള്ള പങ്കിനെപ്പറ്റി സംശയം ഉളവാകുന്നു. ഇതിനുള്ള വിശദീകരണമാണ് ഇന്നത്തെ സുവിശേഷഭാഗത്തിൽ കാണുന്നത്.

## സാരം

ഈശോ മനുഷ്യനായി അവതരിച്ചത് യൗസേപ്പിതാവിന്റെയും മറിയത്തിന്റെയും കുടുംബത്തിലാണ്. തന്റെ കുടുംബത്തെ ഉണ്ണീശോയ്ക്കു പിറക്കാൻ എങ്ങനെയാണു യൗസേപ്പിതാവ് ഒരുക്കിയത് എന്നാണു ഇന്നത്തെ സുവിശേഷം വിശദമാക്കുന്നത്. മറിയത്തിനു സംഭവിച്ചത് തനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽപോലും അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാതെ, രഹസ്യത്തിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചുകൊണ്ട്, മറിയത്തിൽ ആരോപിക്കപ്പെടേണ്ട

www.malankaralibrary.com

കുറ്റം അദ്ദേഹം സ്വയം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. തന്റെ അഭിമാനത്തേക്കാൾ മറിയത്തിന്റെ മാനത്തിനു വില കല്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ദൈവദൂതൻ വെളിപ്പെടുത്തിയ ദൈവഹിതം സംശയലേശമെന്യേ അദ്ദേഹം നിറവേറ്റുകയും ചെയ്തു. ദൈവഹിതപാലനത്തോട് യൗസേപ്പിതാവിന്റെ തുറവ് ഏശയ്യായുടെ പ്രവചനപൂർത്തീകരണത്തിലേക്കു നയിച്ചു.

## സന്ദേശം

യൗസേപ്പിതാവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, ജീവിതപങ്കാളിയുടെയും മക്കളുടെയുമൊക്കെ നന്മക്കും സൗകര്യങ്ങൾക്കുമൊക്കെ തന്റേതിനേക്കാൾ പ്രാധാന്യം കൊടുക്കുമ്പോൾ കുടുംബത്തെ ക്രിസ്തുവിന്റെ പിറവിക്കുവേണ്ടി ഒരുക്കാൻ ഓരോ കുടുംബാംഗത്തിനും സാധിക്കുന്നു. ദൈവഹിതത്തോടുള്ള തുറവും അതു നിറവേറ്റാനുള്ള സന്നദ്ധതയുമാണ് നമ്മുടെ ജീവിതത്തിൽ വചനം മാംസമായിത്തീരാനുള്ള വഴിയൊരുക്കുന്നത്.

**ഡോ. പോൾ കുഞ്ഞാനായിൽ MCBS**

www.malankaralibrary.com

# പ്രസംഗം

## നിങ്ങൾ ഭയപ്പെടേണ്ട

ദൈവഹിതത്തിന് കാതോർത്ത നീതിമാനും ദൈവഭക്തനും ഉത്തമവിശ്വാസിയും ഒരു നല്ല അപ്പനുമായി ശോഭിച്ച വ്യക്തിയാണ് വിശുദ്ധ ജോസഫ്. പ്രതിസന്ധിഘട്ടങ്ങളിൽ ദൈവത്തിന്റെ പദ്ധതിയോട് സഹകരിച്ച ജോസഫിന്റെ പ്രവൃത്തികൾ നിശ്ചയദാർഢ്യത്തിന്റെ പെരുമാറ്റ രീതിയാണ്.

യഹൂദ പാരമ്പര്യമനുസരിച്ച് വിവാഹം എന്ന കർമം നടക്കുന്നത് പ്രധാനമായും മൂന്ന് തലങ്ങളിലൂടെ ആണ്. ഒന്നാമതായി, വാഗ്ദാനം. ഇത് മാതാപിതാക്കൾ തമ്മിലുള്ള ഒരു ഉടമ്പടിയാണ്. വധൂവരന്മാ രുടെ കുട്ടിക്കാലത്ത് ഈ ഉടമ്പടി നടത്തപ്പെടുകയാണ്. രണ്ടാമതായി, വിവാഹനിശ്ചയം. വിവാഹനിശ്ചയത്തിലൂടെ വധൂവരന്മാരെ ഭാര്യാഭർത്താക്കന്മാരായി സമൂഹം കരുതുന്നു. നിശ്ചയം കഴിഞ്ഞ് ഒരു വർഷംശേഷം മാത്രമേ യഥാർഥമായി വിവാഹം നടത്തപ്പെടുന്നത്. 'മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ, അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു' ഇപ്രകാരം ഗർഭിണികളായി കാണപ്പെ ടുന്ന സ്ത്രീകളെ കല്ലെറിഞ്ഞു കൊല്ലണം എന്നാണ് മോശയുടെ നിയമം. എന്നാൽ നീതിമാനായ, ദൈവഭക്തനായ, വിശ്വസ്തനായ, ആരെയും അപമാനിക്കാൻ ഇഷ്ടപ്പെടാത്ത ജോസഫ് മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ തയ്യാറാകു

www.malankaralibrary.com

ന്നതും ദൈവത്തിന്റെ ദർശനത്തിലൂടെ മറിയത്തെ ഭാര്യയായി സ്വീകരിക്കുന്ന സംഭവങ്ങളുമാണ് മത്തായി 1:18–25 വരെയുള്ള ഭാഗത്ത് കാണാൻ കഴിയുന്നത്.

**1. ഉറങ്ങുന്ന വി.യൗസേപ്പിതാവ്**

2015 ജനുവരിയിൽ ഫിലിപ്പിയൻസിലെ മനിലയിൽവച്ചു നടന്ന ലോകകുടുംബ സമ്മേളനത്തിൽ ഫ്രാൻസിസ് പാപ്പ ലോകത്തോട് തന്റെ ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളുടെ ഒരു പരിഹാര രഹസ്യം വെളിപ്പെടുത്തി. എന്തെങ്കിലും പ്രശ്ന ങ്ങളോ, പ്രയാസങ്ങളോ എനിക്കുണ്ടായാൽ അവയെല്ലാം ഒരു കടലാസിലെഴുതി ഞാൻ, എന്റെ മുറിയിലുള്ള യൗസേപ്പിതാ വിന്റെ ഉറങ്ങുന്ന തിരുസ്വരൂപത്തിന്റെ തലയിണക്കീഴിൽ വയ്ക്കും. നേരം പുലരുമ്പോൾ എത്ര വലിയ പ്രശ്നങ്ങൾ ആയാ ലും വി. യൗ സേപ്പിതാവ് അത് പരിഹരിച്ച് തരാറുണ്ട്. മനുഷ്യന് വിശ്രമിക്കാൻ നല്കപ്പെട്ടി രിക്കുന്ന കഴിവാണ് നിദ്ര. ആദിമ മനുഷ്യന്റെ നിദ്രയിലാണ് ദൈവം ഇടപെട്ട് അവന്റെ ഏകാന്ത തയകറ്റാൻ ചേർന്ന ഇണയെ നല്കി അവനെ അനുഗ്രഹിച്ചത് (ഉത്പ 2:2).

പൂർവപിതാക്കന്മാരുടെ ജീവിതം പരിശോധിക്കുകയാണെ ങ്കിൽ ഉറക്കം ദർശനങ്ങൾകൊണ്ട് അനുഗൃഹീതമായസമ യമാണ്. (ഉദാ: ഉത്പ 31:10 –13; ഉത്പ 35;1 രാജ 3:5–15) വിശുദ്ധ ബൈബിളിൽ നാല് പ്രാവിശ്യമാണ് വി.യൗസേപ്പിതാവിന് ദർശനങ്ങൾ ഉണ്ടാകുന്നത്. ഈ നാല് പ്രാവിശ്യവും നിദ്രയിലാ ണ് ദൈവം അദ്ദേഹത്തോട് സംസാരിക്കുന്നതും നയിക്കുന്ന തും. എല്ലാം ദൈവത്തിലർപ്പിച്ചുകൊണ്ട് ശാന്തതയോടെ ഉറങ്ങാൻ പോകുന്നവനേ ദിവ്യദർശനങ്ങളിലൂടെ ദൈവം തന്റെ വഴിയിലൂടെ നടത്തും എന്ന് വി. യൗസേപ്പിന്റെ അനുഗൃഹീത നിദ്ര നമ്മെ പഠിപ്പിക്കുന്നു. യേശുവിന്റെ ജീവിതവത്തിലും നിദ്ര നമുക്ക് കാണാൻ കഴിയും. തോണി മുക്കിക്കളയാൻ ശക്തിയുള്ള

www.malankaralibrary.com

തിരമാലകൾ മലപോലെ ഉയർന്നുവരുമ്പോഴും ശാന്തതയോടെ കിടന്നുറങ്ങുന്ന ക്രിസ്തുവിന്റെ വളർത്തുപിതാവാകാൻ ഇതേ ഗുണങ്ങളുള്ള യൗസേപ്പിനെയല്ലാതെ മറ്റാരെയാണ് ദൈവം തിരഞ്ഞെടുക്കുന്നത്?

**2. നീതിമാനായ ജോസഫ്**

സുവിശേഷകന്മാർ 'നീതിമാൻ' എന്ന് വിശേഷിപ്പിക്കുന്ന ജോസഫ് വിശുദ്ധിയുടെ ഉറവിടമാണ്. കാരണം, അദ്ദേഹം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. ജോസഫ് ദൈവവചനങ്ങൾ വിശ്വാസത്തോടെ മുറുകെപ്പിടിച്ച് സഹനങ്ങളെ അതിജീവിച്ച് നീതിപൂർവം ഒരുക്കാൻ തന്നെത്തന്നെ തയ്യാറാക്കി. ഇവിടെ ജോസഫ് സ്വന്തമായി നീതി പ്രവർത്തിക്കുക മാത്രമല്ല മറ്റുള്ളവർക്ക് നീതി നിഷേധിക്കാതെ ഇരിക്കുകയും ചെയ്യുന്നു. ഇവിടെ മറിയത്തിന് കിട്ടേണ്ട നീതി ജോസഫ് നിഷേധിക്കുന്നില്ല. മറിയത്തെ അപമാനിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല. സ്വയം പാപം ചെയ്യാതെയും മറ്റൊരാൾക്ക് നീതി നിഷേധിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് നമ്മൾ നീതിമാന്മാരാകുന്നത്.

**3. ആരെയും അപമാനിക്കാൻ ആഗ്രഹിക്കാത്തവൻ**

ജോസഫ് ഒരിക്കലും മറിയത്തെ അപമാനിക്കാൻ ഇഷ്ടപ്പെടാത്താളായിരുന്നു (മത്താ 1:19). മറ്റുള്ളവരെ കുറ്റം പറയുകയും വിധിക്കുകയും, മറ്റുള്ളവരുടെ കുറവുകൾ വലുതാക്കി കാണിക്കുകയും ചെയ്യുന്ന ഈ ലോകത്ത് വേറിട്ട ചിന്ത നൽകുന്ന വ്യക്തിയാണ് ജോസഫ്. ജോസഫിന്റെ ജീവിതം നമ്മോട് പറയുന്നത് ദൈവിക പദ്ധതിയുടെ യഥാർഥഅർഥം ആരെയും കുറ്റം വിധിക്കുക എന്നതല്ല, മറിച്ച് എല്ലാവരുടെയും നന്മയ്ക്കായി പ്രവർത്തിക്കുക എന്നതാണ്.

www.malankaralibrary.com

### 4. ദൈവികപദ്ധതി അംഗീകരിക്കുന്ന പിതാവ്

ജീവിതത്തിൽ സംശയങ്ങളുണ്ടായപ്പോൾ ദൈവം യഥാസമയം യുക്തമായത് ചെയ്യാൻ അദ്ദേഹത്തെ സഹായിച്ചു. ജീവിതത്തിൽ പലപ്പോഴും നമുക്ക് അർഥം മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങൾ സംഭവിക്കാറുണ്ട്. ഇവിടെ യൗസേപ്പ് പിതാവ് നിസ്സംഗതയോടെ പിന്മാറുകയല്ല ചെയ്തത്, മറിച്ച് ധൈര്യത്തോടെയും ക്രിയാത്മകമായും അതിനെ നേരിട്ടു. നമ്മുടെ ജീവിതത്തിൽ നിരാശകളിൽ നമുക്കു ശക്തി നൽകാനാവുന്നത് ദൈവത്തിനു മാത്രമാണ്. ദൈവദൂതൻ യൗസേപ്പിനോട് പറഞ്ഞതുപോലെ "ദാവീദിന്റെ പുത്രാ, ഭയപ്പെടേണ്ട" എന്നതു തന്നെയാണ് ഇന്നു അദ്ദേഹം നമ്മോടും പറയുന്നത് "നിങ്ങൾ ഭയപ്പെടേണ്ട." നിരാശയും ദേഷ്യവുമെല്ലാം നമ്മൾ മാറ്റിവയ്ക്കണം, എന്നിട്ട് നാം ആഗ്രഹിക്കുന്നതുപോലെയല്ല കാര്യങ്ങൾ സംഭവിക്കുന്നതെങ്കിലും അവയെ സ്വീകരിക്കണം.

യൗസേപ്പിതാവിന്റെ ജീവിതം നമുക്ക് കാണിച്ചുതരുന്നത് ശാന്തതയിൽ മാത്രമേ നമുക്ക് ദൈവത്തെ കണ്ടെത്താൻ സാധിക്കുകയുള്ളൂവെന്നാണ്. നീതിയും ദൈവഭക്തിയും ദൈവവിശ്വാസവും ദൈവികകല്പനകൾ പാലിക്കാനുള്ള താത്പര്യവും നമുക്ക് എപ്പോഴും ഉണ്ടാകണം. ഈ ലോകത്ത് നീതിമാനായ ജോസഫിനെ ജീവിതത്തെ മാതൃകയാക്കി നമുക്ക് മുന്നോട്ടു നീങ്ങാം.

**ഫാ. വിമൽ വിൻസെന്റ്**

www.malankaralibrary.com



# ഡിസംബർ 19
# യൽദായ്ക്കു മുമ്പുള്ള ഞായർ

## ഭാഷ്യം

ലൂക്കാ 2:1-5

### സന്ദർഭം

താൻ എഴുതുന്ന സുവിശേഷം ആധികാരികവും വിശ്വാസ്യവുമാണെന്ന് ലൂക്കാ സുവിശേഷകൻ തന്റെ ആമുഖത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട് (1:1-4). ചരിത്രം തുടർച്ചയാണെന്ന് ഓർമപ്പെടുത്തിക്കൊണ്ട് പഴയനിയമത്തിലെ അവസാനത്തെ കണ്ണിയായി യോഹന്നാന്റെ ജനനവിവരണത്തിലവസാനിച്ച ഒന്നാം അധ്യായത്തിന്റെ (1:57-80) തുടർച്ചയായാണ്, ലോകം കാതോർത്തിരുന്ന ലോകരക്ഷകന്റെ ജനനവിവരണം അവതരിപ്പിക്കപ്പെടുന്നത്.

### പ്രമേയം

ലോകരക്ഷകനായ യേശുവിന്റെ ജനനം ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിലാണെന്നും എന്നാൽ രാജകീയ സുഖശീതളിമയിലല്ല, മറിച്ച് തികച്ചും ലളിതമായ ഒരിടത്തിൽ ജന്മംകൊണ്ടതെന്നും അതിന്റെ കാരണം, സത്രത്തിൽ ഇടം കിട്ടാത്തതുമാണെന്നും സംക്ഷിപ്തമായി പറയുന്നതാണ് വചനപ്രമേയം.

### സന്ദേശം

1. ദൈവത്തിന്റെ മനുഷ്യാവതാരം വെറും കെട്ടുകഥയല്ല; ചരിത്രസംഭവമാണ്. ചരിത്രത്താളുകളിൽ എഴുതിചേർക്കപ്പെട്ട ഭരണകർത്താക്കളാണ് അഗസ്റ്റസ് സീസറും (27 BC-14 AD) ക്വിരീനിയോസ് എന്ന സിറിയൻ ഗവർണറും (6-9 AD). ഹേറോദേസ് ബി.സി 4 വരെ യൂദാഭരിച്ചിരുന്ന രാജാവാണ്. ഈ കാലഘട്ടത്തിൽ നടന്ന ഒരു കാനേഷുമാരിയോട് ബന്ധപ്പെടുത്തിയാണ്, നസറത്തുകാരായ തിരു

www.malankaralibrary.com

കുടുംബം ബേത്‌ലെഹെമിൽ എത്തുന്നത്. അങ്ങനെ രക്ഷാകര ചരിത്രവും മാനവചരിത്രവും തമ്മിൽ കണ്ണിചേർക്കപ്പെട്ടു. അതുകൊണ്ടു തന്നെ യേശുവും രക്ഷാകരസംഭവങ്ങളും ക്രൈസ്തവവിശ്വാസവും സഭയും എല്ലാം ചരിത്രസത്യങ്ങളിലാണ് നിലനിൽക്കുന്നത്. മറ്റേതു വിശ്വാസങ്ങളെയുംകാൾ ആധികാരികതയുള്ളതാണ് ക്രിസ്തുവിശ്വാസം എന്നതാണ് സത്യം.

2. സർവലോകരക്ഷകൻ, ഒരു യഹൂദമതത്തിൽ, ഒരു കുടുംബത്തിന്റെ തണലിലാണ് ജന്മമെടുക്കുന്നത്. വലിയ ഒരു സമന്വയ അനുഭവമാണ് കാലിത്തൊഴുത്തിലെ പിറവിയിലൂടെ നടക്കുന്നത്. ആകാശത്തിന്റെ കീഴിൽ നക്ഷത്രങ്ങളെ സാക്ഷിയാക്കി ഏതുതരത്തിൽപ്പെട്ട മനുഷ്യർക്കും വന്നണയാവുന്ന ഉറവയുടെ ഒരു ലോകമാണ് ക്രിസ്തുവിന്റെ ജനനത്തോടെ നടക്കുന്നത്. ദൈവത്തിന്റെ പിടിവിട്ട് കാടിന്റെ മറവിൽ മറഞ്ഞ മനുഷ്യനെത്തേടി ദൈവം വീണ്ടും കരംപിടിക്കാൻ എത്തുന്ന സുന്ദര അനുഭവമാണ് ബേത്‌ലെഹെമിൽ കാലിത്തൊഴുത്തിൽ സംഭവിക്കുന്നത്. രക്ഷ എന്നത് കുടുംബത്തിൽ മുളപൊട്ടുന്നതാണ്. യൗസേപ്പിതാവിന്റെയും മറിയത്തിന്റെയും കരവലയത്തിൽ വളർന്ന യേശുവാണ്, പിന്നീട് ലോകത്തെ മുഴുവൻ കരവലയത്തിൽ ചേർത്തുനിർത്തുന്നത്.

3. സമൂഹത്തിലെ പാർശ്വവല്ക്കരണത്തിന്റെ പ്രതീകങ്ങളാണ് പുൽതൊട്ടിയും പിള്ളക്കച്ചയും. പിന്നീട് യേശുവിന്റെ നടവഴികളെല്ലാം എത്തുന്നത് ഈ പിന്നാമ്പുറങ്ങളിലാണ്. കുഷ്ഠരോഗികളും അന്ധന്മാരും എന്തിന് പാപിയായ സക്കേവൂസുമൊക്കെ വഴിമാറിനടന്ന് യേശുവിന്റെ വഴികളിലേക്കെത്തിയവരാണ്. യേശുവിന്റെ ജനനം, ലാളിത്യത്തിന്റെയും വിശുദ്ധിയുടെയും പ്രതീക്ഷയുടെയും ക്ഷണമാണ്. അവസാനം കാലിത്തൊഴുത്തും പിള്ളക്കച്ചയും കാൽവരിയിൽ സമന്വയിക്കപ്പെടുന്നത് നാം കാണുന്നുണ്ട്. അതുകൊണ്ട് ആരും എത്തിനോക്കാത്ത ചേരികളിലും ഗ്രാമങ്ങളിലും കുടിലുകളിലും കുന്നിൻമുകളിലും ഒക്കെയാകാം രക്ഷയുടെ സൂര്യൻ ഉദിക്കുന്നത്. അതു തിരിച്ചറിയാനുള്ള ഉൾക്കാഴ്ചയ്ക്കായി ഈ ക്രിസ്മസിൽ നമുക്ക് പ്രാർഥിക്കാം.

**ഡോ. ജേക്കബ് മുല്ലൂർ**

www.malankaralibrary.com

# പ്രസംഗം

## വഴിയമ്പലം

അഗസ്റ്റസ് സീസറുടെ കല്പനപ്രകാരം പേരെഴുത്ത് നടത്താൻ ദാവീദ് വംശജനായ ജോസഫും മറിയവും ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിലേക്ക് ചെല്ലുമ്പോഴാണ് അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിക്കുന്നതും വഴിയമ്പലത്തിൽ സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ ശീലകൾ ചുറ്റി കിടത്തുന്നതും. സത്യത്തിൽ, വഴിയമ്പലത്തിൽ സ്ഥലമില്ലായ്കകൊണ്ട് എന്ന തികച്ചും പരോക്ഷമായ ഒരു പരാമർശത്തെ മുൻനിർത്തി എത്രയോവട്ടം നാം ആ വഴിയമ്പലത്തിന്റെ ഉടമയെ പഴിച്ചിട്ടുണ്ട്; അയാളുടെ നിർഭാഗ്യത്തെ ഓർത്ത് സഹതപിച്ചിട്ടുണ്ട്. ക്രിസ്തുവിന് സ്ഥലം ഒരുക്കാൻ അയാൾക്ക് പറ്റാതെ പോയതിന് ചില കാരണങ്ങൾ ഉണ്ടെങ്കിലോ...

ഒന്ന്, അയാളുടെ സത്രത്തിൽ മുറി ഒഴിവുണ്ടായിരുന്നില്ല എന്നതുകൊണ്ടാവാം. അത് തിരുവെഴുത്തിൽ നിന്നുതന്നെ സ്പഷ്ടമാണ്. ജനസംഖ്യാ കണക്കെടുപ്പിന്റെ നേരമാണ്. വലിയ പുരുഷാരം എത്തിയിട്ടുണ്ട്. ദാവീദിന്റെ പട്ടണമാണ് ബേത്‌ലെഹെം. ചിതറിപ്പാർക്കുന്ന ദാവീദ് വംശജർ എല്ലാം വന്നുചേരുമ്പോൾ ഉൾക്കൊള്ളാൻ പറ്റാത്തവിധം ഒരു ചെറിയ പട്ടണമാണത്. ഉണ്ടായിരുന്ന ഇടമെല്ലാം തിങ്ങിനിറഞ്ഞിട്ടുണ്ടാവും. രണ്ടാമതായി, വന്നിരിക്കുന്ന അതിഥികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽപെട്ട് ആ സത്രക്കാരൻ തിരക്കിലായതാവാം. മൂന്നാമതായി, അലഞ്ഞുതിരിഞ്ഞെത്തുന്ന ജോസഫിന്റെ പരിതാപാവസ്ഥ കണ്ടപ്പോൾതന്നെ കൈയിൽ കാശൊന്നുമില്ല എന്നു മുൻകൂട്ടി ചിന്തിച്ച് അയാൾ അവരെ പറഞ്ഞുവിട്ടിട്ടുണ്ടാവും. അലഞ്ഞുനടക്കുന്ന പാവങ്ങൾക്കൊപ്പം ക്രിസ്തു ഉണ്ടെന്ന് അയാൾക്കറിയില്ലല്ലോ. ഇത് കേവലം ഭാവനയായി കരുതേണ്ട. നമ്മിലൊക്കെ തന്നെയുള്ള ചില സ്വഭാവവിശേഷങ്ങളാണല്ലോ ആ സത്രം സൂക്ഷിപ്പുകാരനും കാട്ടിയത് എന്നൊരു കുറ്റബോധത്തോടെ ഓർത്തതാണ്.

ഈ ക്രിസ്മസ് നാളുകളിൽ ക്രിസ്തുവിനെ നഷ്ടമാകുമോ എന്നൊരു ഭീതി നമുക്കും ഇല്ലാതില്ല. ചിലപ്പോൾ ആ വഴിയമ്പലം പോലെയാണ് നമ്മുടെ അകവും പുറവും. ആർക്കും നൽകാൻ ഒട്ടും ഇടം ഉണ്ടാവില്ല. സെഫാനിയായുടെ പ്രവചനംപോലെ ഞാനേ ഉള്ളൂ!

www.malankaralibrary.com

ഞാനല്ലാതെ മറ്റാരുമില്ലാ എന്നു ഹൃദയത്തിൽ പറഞ്ഞു നിർഭയം വസിക്കുന്ന ഉല്ലസിതനഗരമായി നാം മാറുന്നു. അത് ശൂന്യവും മൃഗങ്ങൾക്ക് കിടപ്പാടവും ആയിത്തീരാതിരിക്കാൻ സൂക്ഷിക്കണം. ലോകം മുഴുവൻ അഭയാർഥികൾ പെരുകുന്നുണ്ട്. പ്രളയംകൊണ്ടും ക്ഷാമംകൊണ്ടും യുദ്ധംകൊണ്ടും മതംകൊണ്ടും മുറിവേല്ക്കപ്പെടുന്ന മനുഷ്യർ; പുറത്താക്കപ്പെട്ടവർ. നിങ്ങൾ ഭൂമിയിൽ പരദേശികളാണെന്ന് ബൈബിൾവാക്യം തലനാരിഴ കീറിപഠിച്ചവരും അതിനെക്കുറിച്ചൊന്നും മിണ്ടിയില്ല! കുറഞ്ഞപക്ഷം വീട്ടുമുറ്റത്ത് എത്തുന്നവന് ഉള്ളതിൽ പാതി നല്കി ഊട്ടിയിരുന്ന അമ്മമാരുടെ കാരുണ്യത്തിലേക്കെങ്കിലും നമ്മൾ വളരണം. മനസ്സിൽനിന്ന് പുറത്താക്കിയവരെയെങ്കിലും ഈ ദിവസങ്ങളിൽ അതിനുള്ളിലേക്ക് തിരികെ വിളിക്കാനാവണം. അല്ലെങ്കിൽ ചിലപ്പോൾ നമുക്ക് ക്രിസ്തുവിനെ മിസ്സ് ചെയ്യും. നിശ്ചയം!. നമ്മുടെ തിരക്കുകളെ സൂക്ഷിച്ചുകൊള്ളുക. ജോലി, കുട്ടികളുടെ പരീക്ഷ, വാഹനങ്ങളുടെ പണികുറവുകൾ, അവധിക്ക് എത്തുന്നവരെ പിക് ചെയ്യണം, കാരൾ ഇറങ്ങണം, പുൽക്കൂട് ഒരുക്കണം, മാർക്കറ്റിൽ പോകണം. ഇതിനിടയിൽ എപ്പോഴാണല്ലേ ഒന്ന് പ്രാർഥിക്കാനോ പള്ളിയിൽ പോകാനോ പറ്റുന്നത്. ശരിക്കും ക്രിസ്തുവിനോടൊപ്പം ഇരിക്കാൻ സമയം കിട്ടിയാൽ ഭാഗ്യം. അത്രയ്ക്ക് തിരക്കാണ്. ഒരു കാര്യം കൂടി, മുൻവിധിയോടെ അല്ലാതെ മനുഷ്യരെ സമീപിക്കാൻ ശീലിക്കണം. യാക്കോബിന്റെ പുസ്തകം പറയുന്നു: “നിങ്ങൾ മുഖപക്ഷം കാട്ടരുത്. നിങ്ങളുടെ പള്ളിയിൽ ഒരുത്തൻ മോടിയുള്ള വസ്ത്രം ധരിച്ചും പൊൻമോതിരം ഇട്ടുകൊണ്ടും ഒരു ദരിദ്രൻ മുഷിഞ്ഞ വസ്ത്രം ധരിച്ചും വന്നാൽ നിങ്ങൾ പക്ഷഭേദം കാട്ടുന്നുവെങ്കിൽ നിങ്ങളുടെയുള്ളിൽ ന്യായപ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരാകുന്നു”വെന്നാണ് മുന്നറിയിപ്പ്. ആരേയും നിന്ദിക്കാതിരിക്കാൻ മനസ്സുണ്ടാവണം.

കബീർദാസിന്റെ ഈരടികൾ ചൊല്ലിനിർത്തുന്നു:“നിങ്ങളുടെ കാൽച്ചുവട്ടിലെ വൈക്കോൽ തുരിമ്പിനെപ്പോലും നിന്ദിക്കരുത്. കാറ്റ് അതിനെ നിങ്ങളുടെ കണ്ണിലേക്ക് തെറുപ്പിച്ചാൽ തീർച്ചയായും നിങ്ങൾക്ക് വേദനിക്കും. ഓരോന്നിനും അതിന്റേതായ പ്രാധാന്യമുണ്ട്”.

**സഖേറച്ചൻ**

www.malankaralibrary.com



# യൽദാപ്പെരുന്നാൾ ക്രിസ്തുമസ

## കെനോസിസ്

ആകാശത്ത് ഒരു കൊച്ചുപക്ഷിയെപ്പോലെ വിമാനം പോകുന്നത് കണ്ടപ്പോൾ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുഞ്ഞിന് ഒരു സംശയം: 'പപ്പാ, നോക്കൂ...എത്ര ഉയരത്തിലാണ് ഈ വിമാനം! അതിലേക്ക് കയറിച്ചെല്ലണമെങ്കിൽ എന്തുമാത്രം നീളമുള്ള കോവണിവേണ്ടി വരും!' അവന്റെ നിഷ്കളങ്കമായ സംശയത്തിനുത്തരമായി പിതാവ് പറഞ്ഞു: 'കുഞ്ഞേ, നമ്മൾ ആകാശത്തേക്ക് കയറിച്ചെല്ലേണ്ട കാര്യമില്ല; നമ്മളെ കയറ്റിക്കൊണ്ടുപോകാൻ വിമാനം താഴേക്കിറങ്ങി വരും.'

'*കെനോസിസ്*' എന്ന ഗ്രീക്കുപദം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ട്. 'ശൂന്യവല്ക്കരണം' എന്നാണ് ഇതിന്റെ അർഥം. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല" (ഫിലി 2:6) എന്ന പൗലോസ്ശ്ലീഹായുടെ പ്രസ്താവനയാണ് ഇതിനാധാരം. എല്ലാവരും സ്വയം വലിയവരെന്ന് നടിച്ച് വലുതാകാൻ നോക്കുമ്പോൾ സർവശക്തൻ സ്വയം ചെറുതായി മാതൃകകാട്ടുന്നു. അഹന്തയുടെയും സ്വാർഥതയുടെയും സംസ്കാരത്തിന് വിഭിന്നമായി ശൂന്യവല്ക്കരണത്തിന്റെ സംസ്കാരത്തിന് പുൽക്കൂട് തുടക്കംകുറിച്ചു. മനുഷ്യനെ വിണ്ണിലേക്കുയർത്താൻ ദൈ വം മണ്ണിലേക്കിറങ്ങിവന്നു.

www.malankaralibrary.com

പണ്ഡിതനായ ഐറേനിയസ് ഓഫ് ലിയോൺസിന്റെ അഭിപ്രായത്തിൽ 'ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവമാക്കാനാണ്.' മനുഷ്യനിൽ കുടികൊള്ളുന്ന, പാപം ശിഥിലമാക്കിയ ദൈവരാജ്യ ത്തെ, തന്റെ വചനങ്ങളിലൂടെയും കർമങ്ങളിലൂടെയും പുനഃസൃഷ്ടിച്ച് ദൈവികജീവൻ വീണ്ടെടുത്തു നല്കുകയായിരുന്നല്ലോ മനുഷ്യാവ താരത്തിന്റെ ദൗത്യം. അത് സാധ്യമാകണമെങ്കിൽ ദൈവം മനുഷ്യനോളം താഴേണ്ടിയിരുന്നു, സ്വയം ശൂന്യനാകേണ്ടിയിരുന്നു. അങ്ങനെ സ്രഷ്ടാവ് തന്റെ സൃഷ്ടിയുടെ പ്രതിച്ഛായ സ്വീകരിച്ച ചരിത്രാനുഭവമാണ് ക്രിസ്മസ്.

മറ്റൊരാൾക്ക് മുന്നിൽ മനഃപൂർവം ചെറുതാകാൻ ഒരാളെ പ്രേരിപ്പിക്കുന്ന വികാരം നിർവ്യാജസ്നേഹമാണ്. കൊച്ചുകുഞ്ഞിന്റെ പിടിവാശികൾക്കുമുന്നിൽ മാതാപിതാക്കൾ പരാജയം സമ്മതിക്കാറില്ലേ? തന്റെ വലുപ്പം അറിയാവുന്ന ഒരാൾക്ക് മാത്രമേ മറ്റുള്ളവരുടെ മുന്നിൽ ചെറുതാകാൻ കഴിയൂ. അല്ലാത്തവർ മറ്റുള്ളവരെ കൊച്ചാക്കി സ്വയംവലുതാണെന്ന് ഭാവിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. ഒരു മതിലിൽ കയറാൻ രണ്ടുപേർ പരിശ്രമിക്കുന്നുവെന്ന് കരുതുക. ഒരാൾ കുനിഞ്ഞുനിന്ന് മറ്റേയാളെ തന്റെ മുതുകിൽ ചവിട്ടി കയറാൻ അനുവദിക്കുന്നു ണ്ടെങ്കിൽ സംശയിക്കേണ്ട, അയാൾക്കാണ് കൂടുതൽ കരു ത്തുള്ളത്. ജയിക്കാമായിരുന്നിട്ടും മറ്റൊരാളുടെ മുന്നിൽ തോറ്റു കൊടുക്കുന്നതും വിട്ടുവീഴ്ച ചെയ്യുന്നതും ബലഹീനതയു ടെയല്ല, കരുത്തിന്റെ അടയാളമാണ്.

പുൽക്കൂട്ടിൽ ദൈവം ചെറുതാകലിന്റെ പുതിയ സംസ്കാരത്തിലേക്ക് മനുഷ്യകുലത്തെ ക്ഷണിക്കുകയായിരുന്നു. ലോകത്തിലെ സകലപ്രശ്നങ്ങളുടെയും ആത്യന്തികപരിഹാരം '*കെനോസിസ്*' ആണെന്ന് അവനു ബോധ്യമുണ്ടായിരുന്നു. വ്യക്തിബന്ധങ്ങളിലും കുടുംബത്തിലും സമൂഹത്തിലും സ

www.malankaralibrary.com

ഭയിലും രാഷ്ട്രങ്ങൾക്കിടയിലും 'സോറി' എന്നും 'ക്ഷമിച്ചു' എന്നുമൊക്കെയുള്ള വാക്കുകളിലൂടെ സ്വയം ചെറുതാകാൻ ആരെങ്കിലും തയ്യാറായാൽ തീരാവുന്ന പ്രശ് നങ്ങളെ ഉള്ളൂ ഈ ലോകത്തിൽ.

മനുഷ്യന്റെ കൂടെ സവാരിനടത്താൻ ആഗ്രഹിക്കുന്ന ദൈവ ത്തെ പരിചയപ്പെടുത്തിക്കൊണ്ടാണ് വിശുദ്ധഗ്രന്ഥം ആരംഭി ക്കുന്നത്. എന്നാൽ, പെട്ടന്നുതന്നെ കാര്യങ്ങൾ മാറിമറിഞ്ഞു. പാപം തീർത്ത മതിൽക്കെട്ട് മനുഷ്യനെ ദൈവത്തിൽ നിന്ന കറ്റി. ദൈവവും മനുഷ്യനും ഇരുധ്രുവങ്ങളിലേക്ക് അക ന്നതു പോലെയായി.

എന്നാൽ, പാപം നഷ്ടപ്പെടുത്തിയ പറുദീസ ഭൂമിയിൽ പുൽ ക്കൂട്ടിലൂടെ പുനഃസ്ഥാപിക്കപ്പെട്ടു. കാണാനും കേൾക്കാനും കരങ്ങളിൽ വാരിയെടുത്ത് പുണരാനും സാധിക്കുന്ന പൈത ലായി ദൈവം മണ്ണി ലവതരിച്ചു. തകർന്നുപോയ ദൈവമനുഷ്യ ബന്ധം വിളക്കിച്ചേർക്കപ്പെട്ടു. മാലാഖമാർ ഭൂമിയിൽ ഇറങ്ങി വന്നു പറുദീസയിലെന്നവണ്ണം സ്വർഗീയഗാനങ്ങളാലപിച്ചു. ദൈവം പിറക്കുന്നത് രാജകൊട്ടാരത്തിലായിരിക്കുമെന്ന നിഗ മനത്തിൽ അവനെത്തിരക്കി അവിടെയെത്തിയ പണ്ഡിത ന്മാർ ക്ക് തെറ്റി. അവനെ അവർ കണ്ടെത്തിയത് പുൽക്കൂടിന്റെ ലാ ളിത്യത്തിലാണ്. ഇനിമേൽ ദൈവം മണ്ണിൽ മനുഷ്യനോടൊ ത്ത് സഞ്ചരിക്കുന്ന ഇമ്മാനുവേലാണ്; 'ദൈവം നമ്മോടുകൂടെ'.

'ക്രിസ്തുവിനെ എനിക്കിഷ്ടമാണ്, കാരണം അവനു മുറിവു കളുണ്ട്' എന്നെഴുതി ക്രിസ്തുമതം ആശ്ലേഷിച്ച കവിയെക്കുറിച്ച് വായിക്കാനിടയായി. ശരിയാണത്, മുറിവുകളുള്ള ദൈവത്തെ യാണ് സാധാരണ മനുഷ്യർ വല്ലാതെ പ്രണയിച്ചുപോകുന്നത്. ശത്രുവിനെ ആയുധംകൊണ്ടല്ല സ്നേഹംകൊണ്ടും ക്ഷമ കൊണ്ടുമാണ് കീഴടക്കേണ്ടത് എന്ന് സ്വന്തം ജീവിതംകൊണ്ട് തെളിയിക്കാനാണ് അവിടന്ന് മനുഷ്യരൂപംപൂണ്ടത്.

www.malankaralibrary.com

നിന്ദിക്കപ്പെടുന്നു എന്നു പരിഭവമുള്ള ആർക്കും ധൈര്യമായി അവന്റെ അരികിൽ വരാം. കാരണം, അമ്മയുടെ ഉദരംമുതൽ അവസാനശ്വാസംവരെ പരിഹാസശരങ്ങളേറ്റ ക്രിസ്തുവോളം ആർക്കും നിന്നെ മനസ്സിലാക്കാനും ആശ്വസിപ്പിക്കാനും കഴിഞ്ഞെന്നുവരില്ല. 'ആരും മനസ്സിലാക്കുന്നില്ല' എന്ന് നെടുവീർപ്പിടുന്നവർക്ക് അവനരികിൽ വരാം. പിറവിമുതൽ കുരിശോളം അവനെപ്പോലെ തെറ്റുധരിക്കപ്പെട്ട മറ്റൊരാളില്ലല്ലോ. കൂടെ നടന്നവർ ഒറ്റുക്കൊടുക്കുമ്പോഴും സ്നേഹിച്ചവർ തള്ളിപ്പറയുമ്പോഴും സങ്കടവേളകളിൽ ആശ്വസിപ്പിക്കേണ്ടവർ നിർദയം ഓടിമറയുമ്പോഴും അവനു നിങ്ങളെ ആശ്വസിപ്പിക്കാനാകും. ജീവിതം തളർന്നുപോയേക്കാവുന്ന ഏത് ഇരുൾവേള കളിലും ഇങ്ങനെ വെളിച്ചം നിറയ്ക്കുന്ന ചൈതന്യമാണ് നമ്മോടുകൂടെ വസിക്കുന്ന ക്രിസ്തുസാന്നിധ്യം.

ഓരോ ശിശുവിന്റെ ജനനത്തിലും ദൈവം ഭൂമിയെ വീണ്ടും വീണ്ടും സന്ദർശിക്കുകയാണ്. ഓരോ കുഞ്ഞും 'ഇമ്മാനുവേൽ' ആകാനുള്ള സാധ്യതയാണ്; ദൈവസാന്നിധ്യത്തിന്റെ അടയാളമായി മണ്ണിൽ പറുദീസ തീർക്കാനുള്ള സാധ്യത. അതിന്, എന്നിലെയും നിന്നിലെയും ദൈവസാന്നിധ്യത്തെ പരസ്പരം തിരിച്ചറിഞ്ഞാൽ മതി. അപ്പോൾ, വീണ്ടും മണ്ണിൽ സായാഹ്നസവാരിക്കിറങ്ങുന്ന ദൈവത്തിന്റെ പദനിസ്വനങ്ങൾ കേട്ടുതുടങ്ങും. 'സ്വർഗരാജ്യം നിങ്ങളുടെ ഇട യിൽത്തന്നെയുണ്ട്' എന്ന് ദൈവപുത്രൻ പറഞ്ഞത് നിവൃത്തിയാ കും. ഓരോ ദിവസവും ക്രിസ്മസായിമാറും.

**ഡോ. സാബു കുമ്പുക്കൽ**

www.malankaralibrary.com



# ഡിസംബർ 26
# യൽദായ്ക്കുശേഷം 1-ാം ഞായർ

## ഭാഷ്യം

### ലൂക്കാ 2:41-52

### സന്ദർഭം

ലൂക്കായുടെ സുവിശേഷത്തിൽമാത്രം വിവരിച്ചിട്ടുള്ള വചനഭാഗമാണ് ബാലനായ ഈശോ 12-ാം വയസിൽ ദൈവാലയത്തിലായിരിക്കുന്നത്. തോറായിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് യഹൂദപുരുഷന്മാർ എല്ലാവരും ആണ്ടുവട്ടത്തിൽ മൂന്നുപ്രാവശ്യം ജറുസലെമിലേക്ക് തീർഥാടനം നടത്തേണ്ടതുണ്ടായിരുന്നു. തീർത്ഥാടകതിരുനാളുകളായ പെസഹ, പെന്തക്കുസ്താ, കൂടാരത്തിരുന്നാൾ എന്നിവയോടനുബന്ധിച്ചായിരുന്നു ഇത് (പുറ 23:14-17; 34:22.23; നിയ 16:16). പില്ക്കാലത്ത് ആണ്ടുവട്ടം മൂന്നു പ്രാവശ്യം എന്നത് അപ്രായോഗ്യമായപ്പോൾ വർഷത്തിലൊരിക്കലെങ്കിലും എല്ലാ യഹൂദരും ജറുസലെമിലേക്ക് തീർഥാടനം നടത്തിയിരുന്നു. പെസഹാതിരുന്നാളിനോടനുബന്ധിച്ചുള്ള അപ്രകാരം ഒരു തീർഥാടനമാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ സന്ദർഭം. ഈശോയുടെ മാതാപിതാക്കൾ ആണ്ടുതോറും ജറുസലെമിലേക്ക് പോയിരുന്നു. സ്ത്രീകൾ പോകണം എന്നത് നിയമപരമായ ഒരു കടമയായിരുന്നില്ലെങ്കിലും ഭക്തകൾ പോയിരുന്നു (1 സാമു 1:7; 2:19). പന്ത്രണ്ടു വയസായപ്പോൾ ഈശോ ആചാരമനുസരിച്ച് ജറുസലെമിലേക്ക് പോയി. യഹൂദ ആചാരമനുസരിച്ച് കുട്ടികൾക്ക് 12 അല്ലെങ്കിൽ 13 വയസാകുമ്പോൾ ഒരു ചടങ്ങ് നടത്താറുണ്ട്. അത് ആദ്യ *തോറാ*വായനയാണ്. *ബർ മിത്സ്വ* (ഉടമ്പടിയുടെ മകൻ) എന്നാണ് അത് അറിയപ്പെടുന്നത്. അന്നാണ് ഒരു യഹൂദ ആൺകുട്ടി ആദ്യമായി *തോറ* ഔദ്യോഗികമായി വായിക്കുന്നത്. ഇക്കാലത്തും യഹൂദരുടെ ഇടയിൽ ഈ ചടങ്ങ് നടത്തപ്പെടു

www.malankaralibrary.com

ന്നുണ്ട്. അതോടുകൂടെ ആ കുട്ടിയെ പ്രായപൂർത്തിയായവരുടെ ഗണത്തിൽ എണ്ണിത്തുടങ്ങും. ഇക്കാരണത്താലായിരിക്കും പന്ത്രണ്ട് വയസായപ്പോൾ ആചാരമനുസരിച്ച് അവർ തിരുന്നാളിന് പോയി എന്ന് എഴുതിയിരിക്കുന്നത്. ഈശോ ആദ്യമായി ജറുസലെമിലെ പെസഹാതിരുന്നാളിൽ പങ്കെടുക്കുന്ന അവസരമായിരിക്കണം ഇത്.

തിരുനാൾ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ മടങ്ങിപ്പോന്നു. ബാലനായ യേശു ജറുസലെമിൽ തങ്ങി അവന്റെ മാതാപിതാക്കന്മാർ അതറിഞ്ഞില്ല. ജറുസലേം ദൈവാലയത്തിൽ സ്ത്രീകളും പുരുഷന്മാരും നില്ക്കുന്നത് വ്യത്യസ്ത സ്ഥലങ്ങളിലാണ്. ഗലീലിയായിൽനിന്നാണ് യേശുവിന്റെ കുടുംബം ജറുസലെം ദൈവാലയത്തിൽ എത്തുന്നത്. 150–ൽ അധികം കി.മി. യാത്ര ചെയ്താണ് അവർ എത്തുന്നത്. നാലഞ്ച് ദിവസങ്ങളിലെ യാത്രകാണും. ദൈവാലയ കർമങ്ങൾ കഴിഞ്ഞ് തിരിച്ച് യാത്ര ചെയ്യുമ്പോഴും മാതാപിതാക്കൾ ഒന്നിച്ച് യാത്ര ചെയ്യണമെന്നില്ല. സ്ത്രീകളും കുട്ടികളും മുമ്പേ പോകും ചെറിയ ഗ്രൂപ്പുകളായി അവർ യാത്ര ചെയ്ത് ഒരു ദിവസത്തെ യാത്ര കഴിയുമ്പോൾ ഒന്നിച്ചുകൂടുന്ന നിശ്ചിത സ്ഥലങ്ങൾ കാണും. അവിടെയെത്തിയപ്പോഴായിരിക്കണം ഈശോ തങ്ങളുടെ കൂടെയില്ല എന്ന് യൗസേപ്പും മേരിയും മനസിലാക്കുന്നത്. പിറ്റേദിവസം അവർ തിരിച്ച് യാത്ര ചെയ്തു; മൂന്നാം ദിവസം ഈശോയെ ദൈവാലയത്തിൽ കണ്ടെത്തി.

## സാരം

ഈശോമിശിഹാ വേദശാസ്ത്രികളെ കേൾക്കുകയും അവരോട് ചോദ്യം ചോദിക്കുകയുമായിരുന്നു. അവന്റെ ഉൾക്കാഴ്ചയെപ്പറ്റി അവർ എല്ലാവരും അത്ഭുതപ്പെട്ടു എന്ന് പറയുന്നു. പെസഹാതിരുന്നാളിന്റെ അവസരങ്ങളിൽ സെൻഹെന്ദ്രീൻ സംഘങ്ങളിലുള്ളവർ ദൈവാലയത്തോടനുബന്ധിച്ച് പൊതുമീറ്റിങ്ങുകൾ കൂടുന്നതും ദൈവശാസ്ത്രപരമായും ആചാരാനുഷ്ഠാനപരമായതുമായ ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്ന രീതി പതിവായിരുന്നു. ചോദ്യങ്ങൾ ചോദിച്ച് കാര്യങ്ങൾ പഠിക്കുന്നരീതി റബ്ബീനിക്ക് പഠനത്തിന്റെ ഭാഗമായിരുന്നു. കുട്ടികളും മുതിർന്നവരും ഇപ്രകാരം ചോദ്യങ്ങൾ ചോദിക്കുകയും പഠിക്കുകും ചെയ്തിരുന്നു.

www.malankaralibrary.com

ഞാനും നിന്റെ പിതാവും നിന്നെ അന്വേഷിക്കുകയായിരുന്നു എന്നു പറഞ്ഞപ്പോൾ ഈശോ പറയുന്നത് 'ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണ്' എന്നാണ്. ഇതിലൂടെ ഈശോ തന്റെ ദൈവപുത്രസ്ഥാനം വ്യക്തമാക്കുകയാണ്. പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണ് നസ്രത്തിൽ വന്ന് മാതാപിതാക്കന്മാർക്ക് വിധേയനായി ജിവിക്കുന്നത്. നസ്രത്തിൽ അവിടത്തെ മാതാപിതാക്കന്മാർ ജോസഫും മേരിയുമാണ്; എന്നാൽ അവന്റെ യഥാർഥ പിതാവ് ആരെന്ന ചോദ്യത്തിന് അവൻ പറയുന്ന ഉത്തരം ദൈവപിതാവ് എന്നാണ്. അതായത്, അവനിലെ ദൈവത്വത്തെയും മനുഷ്യത്വത്തെയും ഒരേപോലെ പ്രഘോഷിക്കയാണ് സുവിശേഷകൻ ഇവിടെ.

## സന്ദേശം

ദൈവമായിരുന്നിട്ടും മാനുഷിക മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിക്കുന്ന മിശിഹായാണ് നമ്മുടെ മാതൃക. മിശിഹായുടെ ബാല്യകാലത്തിനും പരസ്യജീവിതത്തിനും ഇടയിൽ എന്ത് സംഭവിച്ചിരിക്കണം എന്നതിന് വിശുദ്ധ സുവിശേഷം നല്കുന്ന ഏക സൂചനയായി നമുക്ക് ഇതിനെ കാണാം. "അവൻ നസ്രത്തിൽ മാതാപിതാക്കന്മാർക്ക് വിധേയനായി ജീവിച്ചു. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു." അവൻ ദൈവപുത്രനും മനുഷ്യപുത്രനുമായിരുന്നു എന്ന കാര്യവും ഈ വചനം വ്യക്തമാക്കുന്നു. ബാലനായിരിക്കുമ്പോൾതന്നെ തന്റെ ദൗത്യത്തെക്കുറിച്ച് അവബോധവും ലക്ഷ്യബോധവും ഉള്ള ഈശോ, ദൈവാലയവും പിതാവിന്റെ ഭവനമാണ് എന്നവെളിപ്പെടുത്തൽ, ദൈവോന്മുഖനായും മനുഷ്യോന്മുഖനായും അവൻ വളർന്നു വന്നു. മിശിഹാ കൂടെയില്ലെന്ന് കണ്ടപ്പോൾ ആകുലതയോടെ അന്വേഷിച്ച് കണ്ടെത്തുന്ന മാതാപിതാക്കൾ, മിശിഹാ ഉള്ളയിടത്തേക്ക് തിരിച്ചു നടക്കുന്ന വർ, ദൈവഹിതത്തിനനുസരിച്ച് മകനെ വളർത്തുന്ന മാതാപിതാക്കൾ. അഗ്രാഹ്യമായ കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കുന്ന പരിശുദ്ധ മറിയം, ശാന്തനായി രക്ഷാകരസംഭവത്തോട് സഹകരിക്കുന്ന യൗസേപ്പ് പിതാവ് തുടങ്ങിയ ചിത്രങ്ങളെല്ലാം അനുദിന ജീവിതസാഹചര്യങ്ങളിൽ നമുക്ക് സന്ദേശങ്ങളായി മാറേണ്ടവയാണ്.

**ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

www.malankaralibrary.com

# പ്രസംഗം

## വിധേയത്വം ദൈവേഷ്ടം

യേശുവിന്റെ കൗമാര-യൗവ്വന കാലഘട്ടങ്ങളുടെ സമാഹൃതചരിത്രമാണ് ഉദ്ധൃതഗ്രന്ഥഭാഗം. മനുഷ്യന് മാതൃകയാകാൻ അവതാരം ചെയ്ത ദൈവപുത്രൻ മനുഷ്യത്വത്തിന്റെ ശ്രേഷ്ഠതയിലേക്ക് വളർന്നതിന്റെ നേർസാക്ഷ്യം ഇവിടെ ദർശിക്കാം. രൂപത്തിലും ഭാവത്തിലും മനുഷ്യനായിത്തന്നെയാണ് സുവിശേഷകൻ യേശുവിനെ അവതരിപ്പിക്കുന്നത്. പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ ജനിച്ച് (റോമാ 8:3); ദാസന്റെ രൂപം സ്വീകരിച്ച് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ട (ഫിലി 2:8). അവൻ നിയമത്തിന് അധീനനായി ജീവിച്ചു (ഗലാ 4:4). മാനുഷിക ഗുണസമ്പൂർണതയുടെ അടയാളങ്ങൾ അവൻ അവശേഷിപ്പിച്ചു.

**1. ബാലനായ യേശു ജറുസലെമിൽ തങ്ങി**

പ്രസരിപ്പുള്ള ബാലന്മാർ ആരവാരാമൃതമായ ഉത്സവാഘോഷങ്ങളുടെ അരങ്ങിൽ എത്തിപ്പെട്ടാൽ തിമിർത്തുല്ലസിക്കാനുള്ള ത്വര സ്വാഭാവികമത്രേ. 'കടവല്ലൂർ അന്യോന്യം' പോലെയുള്ള വേദസദസ്സുകളിൽ അവർ കടന്നിരിക്കുന്നത് അത്യപൂർവം. കൗമാരത്തിൽ തന്നെ ഈ അപൂർവത പ്രകടമാക്കുന്ന ഈശോയെ അനുവാചകസമക്ഷം സുവിശേഷകൻ അവതരിപ്പിക്കുന്നു.

**2. അവൻ യാത്രാസംഘത്തിന്റെ കൂടെ കാണും എന്ന് അവർ വിചാരിച്ചു (2:44)**

അങ്ങനെ വിചാരിക്കാനേ തരമുള്ളൂ. 12 വയസ്സുമുതലാണ് ഒരു യഹൂദബാലൻ മതകർമങ്ങൾ അനുഷ്ഠിച്ചു തുടങ്ങുന്നത്. പെരുന്നാളിനുപോകാനുള്ള ന്യായവും അതുതന്നെ. കൗമാരക്കാർ ഒത്തുകൂടുമ്പോൾ, തങ്ങൾക്കിണങ്ങുന്ന ഒരു സംഘം രൂപീകരിക്കാൻ അവർക്ക് നിമിഷങ്ങളേ വേണ്ടൂ. മാതാപിതാക്കന്മാരുടെ മൗനാനുവാദവും അതിനുണ്ടാകും. മൂന്നുദിവസത്തെ തോരാക്കണ്ണീരിന് അതിടയാക്കി; പുരുഷാന്തരങ്ങൾക്ക് ഓർമച്ചെപ്പിൽ സൂക്ഷിക്കാനും അത് വക നൽകി.

കുട്ടികളുടെ ശിക്ഷണവും പരിരക്ഷണവും എക്കാലവും മാതാപിതാക്കൾക്ക് വെല്ലുവിളിതന്നെയാണ്. സമാനതകളില്ലാത്ത ഇക്കാലത്ത് പ്രത്യേകിച്ചും ഡിജിറ്റൽ സംവിധാനങ്ങളും സാധ്യതകളും കൈ

www.malankaralibrary.com

കാര്യം ചെയ്യുന്നവരിലേറെയും കൗമാരക്കാരും യൗവനക്കാരുമാണ്. യഥേഷ്ടം കൈകാര്യം ചെയ്യാനുള്ള സാധ്യതയുടെ വാതിൽ, മുഴുവൻ സമയവും തുറന്നുകിടക്കുകയും ചെയ്യുന്നു. സൈബർ കുറ്റകൃത്യങ്ങൾ പരിധിയില്ലാതെ വർധിക്കുമ്പോൾ, രാപകൽ ഭേദമെന്യേ കുട്ടികളുടെ തനതിടങ്ങളെയും 'അച്ഛൻ ഉറങ്ങാത്ത വീടുകളായി' രൂപപ്പെടുത്തുക എന്നത് വലിയ വെല്ലുവിളിതന്നെയാണ്. ഓൺ ലൈൻ പ്ലാറ്റ്ഫോമുകളും നിരോധിത സൈബർ സൈറ്റുകളും O.T.T Platform കളും തരംപോലെ തനതിടമാക്കാൻ സാധ്യമായ സാഹചര്യങ്ങളിൽ സവിശേഷമായ ശ്രദ്ധനൽകേണ്ട ബാധ്യത മാതാപിതാക്കന്മാരുടേതാണ്.

ലോകത്തിന്റെ ഏതുകോണിൽനിന്നും ഏതുസമയവും കുഞ്ഞാടിന്റെ തോലണിഞ്ഞ ചെന്നായ്ക്കൾ നുഴഞ്ഞുകയറാനുള്ള സാധ്യത സ്വന്തം വിരൽത്തുമ്പിൽത്തന്നെയുണ്ട്! 'താങ്കൾ ക്യാമറായുടെ നിരീക്ഷണത്തിലാണ്' എന്ന കേവല ബോർഡുകൾ ഇന്ന് സഹായകമാകില്ല. പകരം, 'നീ എപ്പോഴും വിധിയാളനായ ദൈവത്തിന്റെ നിരീക്ഷണത്തിലാണ്' (You are always under God's surveillance) എന്ന ബോധ്യം അവരുടെ ഹൃദയഫലകങ്ങളിൽ സന്നിവേശിപ്പിക്കാൻ വിജയിച്ചാൽ അതുമാത്രമായിരിക്കും ഏക പരിഹാരം. 'കർത്താവ് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്; അവിടുന്ന് എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങുകയില്ല (സങ്കീ 16:8) എന്ന ബോധ്യം രൂഢമൂലമാക്കാൻ 'കുടുംബവേദോപദേശവും ധാർമിക- വിശ്വാസ ജീവിതവും' മാത്രമേ സഹായകമായിട്ടുള്ളൂ. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾക്കു പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും: ഇതാണ് വഴി, ഇതിലേ പോവുക" (ഏശ 30:21). നന്നേ ചെറുപ്പംമുതലേ ദൈവസ്വരം കേൾക്കാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കണം. മമ്മാ മാർഗരറ്റും ലൂയിമാർട്ടിൻ സെലിഗ്വിരിൻ ദമ്പതിമാരും മരിയ ഗൊരേത്തിയുടെ മാതാപിതാക്കളും തങ്ങളുടെ മക്കളെ ഈ ശാസ്ത്രം പരിശീലിപ്പിച്ചിരുന്നു. ദൈവസ്വരം മനഃസാക്ഷിയുടെ സ്വരമായി പകർത്താൻ മക്കളെ നാം പഠിപ്പിക്കണം. ഏറെ ക്ലേശകരമെങ്കിലും പുണ്യാഭ്യസനത്തിലെ സമുന്നത പാഠമാണത്.

എന്നാൽ കുടുംബങ്ങളുടെ ഇന്നത്തെ സാഹചര്യമെന്താണ്? കുട്ടികളുടെ സ്വഭാവരൂപീകരണത്തിന്റെ നിർണായകമായ ബാല്യകാലത്ത് ഭാവിയിലെ മെച്ചപ്പെട്ട ജീവിതസൗകര്യത്തെ കരുതി, അരുമക്കി

www.malankaralibrary.com

ടാങ്ങളെ വിട്ടുപിരിഞ്ഞുജീവിക്കാൻ സ്വയംവിധിക്കപ്പെട്ട മാതാപിതാക്കൾ അവരുടെ ജീവിതംമാത്രമല്ല അവർ ആർക്കുവേണ്ടി പണിയെടുത്തുവോ ആ മക്കളുടെ ജീവിതവും നഷ്ടമാക്കുന്നത് കണ്ണീരോടെ മാത്രമേ കാണാൻ കഴിയൂ. അതിനാൽ മാതാപിതാക്കൾ സദാജാഗരൂകരാകണം.

**3. അവർ അവനെ ദൈവാലയത്തിൽ കണ്ടെത്തി (2:46)**

ഇക്കാലത്ത് കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നത് തീർച്ചയായും ദൈവാലയങ്ങളിലല്ല. സ്വയം കണ്ടെത്താനും സ്വതം തിരിച്ചറിയാനും കഴിയുന്ന ഇടയമാണ് ദൈവാലയം. ദൈവവചനവും അങ്ങനെതന്നെ. സ്വയം നഷ്ടമാക്കിയ അഗസ്റ്റിൻ സ്വയം കണ്ടെത്തിയത് 'എടുത്തുവായിക്കുക' എന്ന ദൈവസ്വരത്തിലും വിശുദ്ധ വചനത്തിലുമാണ്. ഉപാധ്യായന്മാരുടെ ഇടയിലിടം കിട്ടാൻ തങ്ങളുടെ ഓമനമക്കളെ വിട്ടു കൊടുക്കാൻ ഇന്ന് മാതാപിതാക്കൾക്ക് മടിയാണ്. ദൈവവിളിയുടെ സ്വരംകേൾക്കാൻ കൗമാരക്കാർക്കെന്തേ കഴിയുന്നില്ല? അവരുടെ കർണ്ണപുടങ്ങളിൽ ലോകയിമ്പം തിങ്ങിനിറഞ്ഞിരിക്കുന്നതുതന്നെ. ഇത് 'വാഴ്‌വേമായം' കാലമാണ്. മായാദർശനവും മായാസ്വരവുമാണവരെ തേടിയെത്തുക. മണ്ണിന്റെ മായകളിൽ മയങ്ങുന്ന അവരെ ഓൺലൈൻ പ്ലാറ്റ്ഫോമിലെ ഇമ്പസ്വരമാണ് നയിക്കുക. ഒരാഴ്ചമുമ്പ് മാത്രം ഒരു അജ്ഞാതമിസ്കോളിലൂടെ ക്ഷണിക്കപ്പെടാതെ കടന്നുവന്ന തന്റെ അപരിചിത സ്വരംകേട്ട് ലോകാതിർത്തികൾവരെ പറന്നെത്താനുള്ള സാഹസികത ഇന്നും അവർക്കുണ്ട്! അപ്പോൾ അവർക്ക് നഷ്ടപ്പെട്ടത് സാഹസീകതയല്ല, ദൈവസ്വരമാണ്. "നയനങ്ങൾ ഗുരുവിനെ ദർശിക്കാത്തതും കാതുകൾക്ക് പിന്നിൽ 'ഇതാണുവഴി, ഇതിലേ പോവുക" എന്ന ദൈവസ്വരം ശ്രവിക്കാത്തതുമല്ലേ? അതിനുള്ള പരിശീലനം ലഭിക്കാത്തതോ നഷ്ടമായതോ അല്ലോ? "തന്നെ ഭയപ്പെടുന്നവർക്കാണ് അവർ തെരഞ്ഞെടുക്കേണ്ടവഴി കർത്താവ് കാണിച്ചുകൊടുക്കുക" (സങ്കീ 25:12).

**4. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ? (2:49)**

ദൈവകാര്യങ്ങളിൽ വ്യാപൃതരാകാൻ സഹായിക്കുന്ന ശാസ്ത്രം തങ്ങളുടെ കുഞ്ഞുങ്ങൾക്ക് അന്യമാകാതിരിക്കാൻ ദത്തശ്രദ്ധരായിരുന്ന ധീരരായ മുൻതലമുറയെ ആദരപൂർവം ഓർക്കാം. വിവരദോഷികളെന്ന് ലോകം മുദ്രകുത്തുമ്പോഴും ഏകപ്രസൂനത്തെ ദൈവവേല

www.malankaralibrary.com

യ്ക്ക് വിട്ടുകൊടുക്കുന്ന പ്രസൂജനയിതാക്കൾ നമ്മുടെയിടയിൽ ഇന്നുമുണ്ട്. ഉടമഭാവമാണ് വിട്ടുകൊടുക്കലിനു തടസ്സം സൃഷ്ടിക്കുന്നത്. കാവൽക്കാരാണെന്ന സത്യമാണ് യഥാർഥത്തിൽ നമ്മെ നയിക്കേണ്ടത്. നിത്യാനിത്യവിവേകത്തിന്റെ ഭാഗമാണത്.

ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണ് എന്ന തിരിച്ചറിവ് കേവലം ഒരു കൗമാരക്കാരന്റേതാണ്. ഇന്ന് നമ്മുടെ മക്കളിൽ ചിലരെങ്കിലും അങ്ങനെ തീരുമാനമെടുക്കുമ്പോൾ അവന്റെ മാതാപിതാക്കൾക്കു സംഭവിച്ചതുപോലെ, അതിന്റെ അന്തരാർഥം ഗ്രഹിക്കാൻ കഴിയാതെവരുന്നതിനുകാരണം സത്യദർശനത്തിന് വിഘാതമായ ഒരു തിരസ്ക്കരണി– മൂടുപടം കൊണ്ട് മൂടപ്പെടുന്നതിനാലത്രേ. ലോകയിമ്പങ്ങളിൽ മുങ്ങിമുഴുകുന്നതിന്റെ പരിണതഫലമാണത്; ദൈവപദ്ധതി തിരിച്ചറിയാൻ പരാജയപ്പെടുന്നത് മൂലമാണ്.

**5. അവൻ അവരോടൊപ്പം പുറപ്പെട്ട് അവർക്ക് വിധേയനായി ജീവിച്ചു (2:51)**

കൃതഹസ്തനായ സുവിശേഷകൻ രക്ഷകന്റെ രഹസ്യജീവിതത്തെ സംഗ്രഹിക്കുന്നതിങ്ങനെയാണ്. നാലാംപ്രമാണത്തിന്റെ, അനുസരണത്തിന്റെ, ഉത്തുംഗമാതൃകയുടെ നിദർശനമാണത്. മക്കളുടെ ശാഠ്യത്തിനുമുമ്പിൽ തോറ്റുകൊടുക്കുന്ന മാതാപിതാക്കളെയാണ് ഇന്ന് കാണാനാവുക. നാലാം പ്രമാണം കീഴ്മേൽ മറിഞ്ഞ അനുഭവം! മക്കളുടെ ആശ്രിതരായും വിനീതവിധേയരായും ജീവിക്കുന്ന മാതാപിതാക്കൾ പകർന്നുതരുന്നപാഠം, ശരിതെറ്റുകളുടെ വിധികർത്താവാകാൻ ഞങ്ങളില്ല എന്നതാവും. 'അവൻ അവർക്ക് വിധേയനായി ജീവിച്ചു' എന്ന വാകൃശകലം കൗമാരക്കാരുടെയും യൗവനക്കാരുടെയും നിയാമകതത്വമായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ലോകം എത്ര നന്നാകുമായിരുന്നു.

**6. ബാലനായ യേശു ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു (2:52)**

ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത (ലൂക്കാ 18:1) തലമുറ എന്ന് യുവതയെ അടയാളപ്പെടുത്തുന്നത് ഭൂഷണമല്ല. ദൈവേഷ്ടത്തിന് കീഴ്വഴക്കമുള്ളവരായി ജീവിക്കാനാണ് ദൈവമക്കൾ പ്രായഭേദമെന്യേ യത്നിക്കേണ്ടത്. മാനുഷിക മൂല്യ

www.malankaralibrary.com

Date of Publication: 13 November 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23, KL/CR/EKM/WPP-17/2021-2023 (Page 102)

ങ്ങളുടെ ഉന്നതിയും ഉദാത്തതയുമാണ് യേശുവിന്റെ ബാല്യ കൗമാര കാല ജീവിതം. അത് ദൈവപിതാവിനോടുള്ള വിധേയത്വവുമായിരുന്നു (ഫിലി 2:8). മൂല്യവിപര്യയവും നിരാസവും ദൈവമഹത്ത്വം നഷ്ടമാക്കും; മനുഷ്യന്റെ ശ്രേഷ്ഠതയും. ബൈബിൾ ഞായറായി ആചരിക്കുന്ന ഇന്ന്, ദൈവവചനം പകർന്നുതരുന്ന മൂല്യങ്ങൾക്ക് ശോഷണം വരാതെ കാത്തുസൂക്ഷിക്കാൻ ദൈവമക്കൾക്ക് കഴിയട്ടെ.

**ഫാ. അബ്രഹാം നടുവിലേടം**

---

# കാരുണികൻ വരിക്കാരുടെ ശ്രദ്ധയ്ക്ക്

കാരുണികന്റെ വരിസംഖ്യ ബാങ്കുവഴി അയയ്ക്കുന്നവർ താഴെ കാണുന്ന അക്കൗണ്ടിൽ നിക്ഷേപിച്ചുകഴിഞ്ഞാലുടൻ ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.

**വരിസംഖ്യാനിരക്കുകൾ**

1 വർഷം: 300/-
2 വർഷം: 550/-
3 വർഷം: 800/-
5 വർഷം: 1300 /-

**A/c Name- Director Karunikan**
**No. 17530100030870**
**Bank- Federal Bank**
**Branch Thevara**
**IFSC- FDRL0001753**
**Ph: 0484 2663933, 9995802006**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi-18*